## പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻറ്റ് റിസർച്ച് സെൻ്ററർ, തിരുവല്ല

## സ്ഥാപന മേലധികാരിക്ക് നൽകുന്ന ഉറപ്പ്.

(അഡ്മിഷൻെറ സമയത്തും അധ്യയനവർഷാരംഭത്തിനു മുൻപും ഓരോ വിദ്യാർത്ഥിയും രക്ഷകർത്താവും ഈ ഉറപ്പ് ഒപ്പിട്ട് നൽകേണ്ടതാണ്. (റിട്ട് പെറ്റിഷൻ (സിവിൽ) നമ്പർ 656/1998 SCI, അനുസരിച്ച് സുപ്രീം കോടതി നൽകിയ മാർഗ്ഗനിർദ്ദേശങ്ങളും, കേരളാ റാഗിങ്ങ് നിരോധന നിയമം 1998 സെക്ഷൻ 2B യും കാണുക)

"കേരളാ റാഗിങ്ങ് നിരോധന നിയമം" എന്ന ഒരു നിയമം ഉണ്ട് എന്ന് ഞാൻ മനസ്സിലാക്കുന്നു.

1a) ഈ നിയമപ്രകാരം, ഒരു വിദ്യാഭ്യാസസ്ഥാപനത്തിലെ വിദ്യാർത്ഥിയോട് അപമര്യാദയായി സംസാരിക്കുകയോ, എഴുതുകയോ ചെയ്താൽ അതു റാഗിങ്ങ് ആകുന്നു.

b) ഒരു വിദ്യാർത്ഥിയെ ശല്യപ്പെടുത്തുക, പരുഷമായി പെരുമാറുക, പരിഹസിക്കുക ചെണ്ടകൊട്ടിക്കുക, ഉപദ്രവിക്കുക, ഒരു വിദ്യാർത്ഥിക്ക് അസഹ്യത, കഷ്ടപ്പാട്, മാനസിക പിരിമുറുക്കം, ഭയം ആശങ്ക എന്നിവ ഉണ്ടാക്കത്തക്ക രീതിയിൽ ചട്ടമ്പിത്തരം കാണിക്കുകയും, അച്ചടക്കമില്ലാതെ പെരുമാറുകയും ചെയ്യുന്നതു റാഗിങ്ങ് ആകുന്നു.

c) സാധാരണ ഗതിയിൽ, ഒരു വിദ്യാർത്ഥി ചെയ്യാൻ മടിക്കുന്നതും ഒരു വിദ്യാർത്ഥിക്കു നാണക്കേടും പാരവശ്യവും ഉണ്ടാക്കുന്നതും അതു വഴി ശാരീരികവും മാനസികവുമായ ഹാനി ഉണ്ടാക്കുവാൻ സാധ്യത ഉള്ളതുമായ പ്രവർത്തികൾ ചെയ്യുന്നതിനു, ഒരു വിദ്യാർത്ഥിയോടു ആവശ്യപ്പെടുന്നതും റാഗിങ്ങ് ആകുന്നു.

2) ആർക്കും ഒരു നന്മയും ചെയ്യാത്ത നിന്ദ്യമായ പ്രവൃത്തിയാകുന്നു റാഗിങ്ങ്.

3) റാഗിങ്ങ് ക്ഷമിക്കുവാനോ ശ്രദ്ധിക്കാതിരിക്കാനോ, ശിക്ഷിക്കാതിരിക്കാനോ സാധിക്കില്ല.

4) വിദ്യാഭ്യാസസ്ഥാപനത്തിനകത്തും പുറത്തും എല്ലാത്തരത്തിലുള്ള റാഗിങ്ങും നിരോധിച്ചിരിക്കുന്നു.

5) ആരെങ്കിലും റാഗിങ്ങ് പ്രവർത്തനത്തിൽ ഏർപ്പെട്ടു എന്നു ബോധ്യപ്പെട്ടാൽ രണ്ടു വർഷം വരെ നീളുന്ന തടവും പതിനായിരം രൂപ (Rs.10,000) പിഴയും ചുമത്തുന്നതാണ്.

വിദ്യാഭ്യാസസ്ഥാപനത്തിൽ നിന്നും സ്ഥിരമായ പുറത്താക്കൽ, പരസ്യമായ മാപ്പപേക്ഷയെത്തുടർന്നു താത്ക്കാലികമായ പുറത്താക്കൽ, സ്കോളർഷിപ്പ് തുടങ്ങിയ ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കൽ, വിദ്യാഭ്യാസസ്ഥാപനത്തിൻെറ എല്ലാ ചടങ്ങുകളിലും ഭാഗഭാഗിത്വ നിരോധനം, പരീക്ഷാഫലം തടഞ്ഞുവയ്ക്കൽ, ഹോസ്റ്റലിൽ നിന്നും ഭക്ഷണശാലയിൽ നിന്നും പുറത്താക്കൽ എന്നിവ ശിക്ഷണ നടപടികളിൽ ഉൾപ്പെടുന്നു. റാഗിങ്ങ് പ്രവർത്തനത്തിനു ശിക്ഷിക്കപ്പെട്ട വിദ്യാർത്ഥിയെ അടുത്ത മൂന്നു വർഷത്തേയ്ക്കു ഒരു വിദ്യാഭ്യാസസ്ഥാപനത്തിലും പ്രവേശിപ്പിക്കില്ല,

6) റാഗിങ്ങ് പ്രവർത്തനത്തിൽ ഏർപ്പെടുകയോ, റാഗിങ്ങ് പ്രവർത്തനത്തിനു പ്രേരണ നൽകുകയോ ചെയ്ത വ്യക്തികളെ കണ്ടുപിടിക്കാൻ കഴിയാതെ വന്നാൽ കൂട്ടായ ശിക്ഷണ നടപടികൾ അവലംബിക്കുന്നതായിരിക്കും.

7) മൈഗ്രേഷൻ സർട്ടിഫിക്കറ്റിൽ വിദ്യാർത്ഥിയുടെ സ്വഭാവവും പെരുമാറ്റവും മാത്രമല്ല രേഖപ്പെത്തുന്നത്; പ്രസ്തുത വിദ്യാർത്ഥി റാഗിങ്ങിൽ ഏർപ്പെട്ടോ എന്നും, ശിക്ഷിക്കപ്പെട്ടോ എന്നും രേഖപ്പെടുത്തുന്നതാണ്.

എൻെറ പഠനം പൂർത്തീകരിക്കുന്നതു വരെയുള്ള എൻെറ പഠനകാലത്തു റാഗിങ്ങിലേയ്ക്കു നയിക്കുന്ന യാതൊരു വിധ പ്രവർത്തനത്തിൽ ഏർപ്പെടുകയോ, അതിനു പ്രേരിപ്പിക്കുകയോ ചെയ്യില്ല എന്നു ഞാൻ/എൻെറ കുട്ടി ഉറപ്പു തരുന്നു.

എൻെറ പഠനം പൂർത്തീകരിക്കുന്നതു വരെയുള്ള എൻെറ (അവൻെറ/അവളുടെ) പഠനകാലത്ത് വിദ്യാഭ്യാസസ്ഥാപനങ്ങളിലോ, പുറത്തോ, റാഗിങ്ങിലേയ്ക്കു നയിക്കുന്ന യാതൊരു വിധ

പ്രവർത്തനവും പ്രോത്സാഹിപ്പിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യില്ല എന്നു ഞാൻ/എൻെറ കുട്ടി ഉറപ്പു തരുന്നു.

എൻെറ ഭാഗത്ത് നിയമാനുസൃതമല്ലാത്ത പ്രവൃത്തികളോ മറ്റു കുറ്റമോ ഉണ്ടായാൽ, എന്നെ അറിയിക്കാതെ തന്നെ പ്രസ്തുത വിവരം, ഉചിതമായ നടപടികൾ എടുക്കുന്നതിനു വേണ്ടി പോലീസിനെ അറിയിക്കുന്നതാണ് എന്ന കാര്യവും ഞാൻ മനസിലാക്കുന്നു.

ഈ ഉറപ്പിന്മേൽ (undertaking) ഒപ്പിടുന്നതിൻെറ പ്രത്യാഘാതത്തെക്കുറിച്ചും കുറ്റക്കാരനാണെന്നു കണ്ടാൽ എന്നെ/എൻെറ കുട്ടിയെ വേണ്ട രീതിയിൽ ശിക്ഷിക്കാമെന്നും ഞാൻ ബോധവാനാണ്/ ബോധവധിയാണ്.

സ്വന്തം ഇഷ്ടപ്രകാരം ഒപ്പു വയ്ക്കുന്നു.

വിദ്യാർത്ഥിയുടെ പേര്

വിദ്യാർത്ഥിയുടെ ഒപ്പ്

വർഷം/സെമസ്റ്റെർ/കോഴ്സ്

മാതാപിതാക്കളുടെയോ രക്ഷകർത്താവിൻെറയോ മേൽവിലാസം

ടെലിഫോൺ നമ്പർ & മൊബൈൽ

പേരൻറിൻെറ/രക്ഷകർത്താവിൻെറ ഒപ്പ്

തീയതി